പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2524 — 18.7.2011-ൽ മറുപടിയ്ക്ക്

## "ആദിവാസി ഉപപദ്ധതി"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ:<br>ശ്രീ.സി.പി.മുഹമ്മദ്:<br>ശ്രീ.എം.പി.വിൻസെന്റ്:<br>ശ്രീ.ലൂഡി ലൂയിസ്: | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ് കമ്പനിയിൽ ആദിവാസി ഉപപദ്ധതി പ്രകാരം എത്ര ഏക്കർ സ്ഥലത്ത് എണ്ണപ്പനകൃഷി നടത്തുന്നുവെന്ന് വ്യക്തമാക്കുമോ; | എ) ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ് ആദിവാസി ഉപപദ്ധതി പ്രകാരം കുളത്തൂപ്പുഴയിൽ 1981-82 വർഷം 390 ഹെക്ടർ സ്ഥലത്ത് എണ്ണപ്പന കൃഷി ആരംഭിച്ചു. |
| ബി) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ആദിവാസികളുടെ അംഗസംഖ്യ തസ്തിക തിരിച്ച് വ്യക്തമാക്കുമോ; | ബി) സ്റ്റാഫ് കാറ്റഗറി:<br>ഫീൽഡ് സൂപ്പർവൈസർ - 2<br>പ്യൂൺ - 1<br>ആയ - 1<br>വർക്കർ കാറ്റഗറി - 61 |
| സി) ആദിവാസി ഉപപദ്ധതിയിലുള്ള ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിൽ ആദിവാസി അംഗത്തെ ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കുമോ; ആദിവാസി അംഗത്തെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | സി) ഡയറക്ടർ ബോർഡിൽ ആദിവാസി അംഗം പാടില്ല എന്ന ഒരു വ്യവസ്ഥ ഇല്ല. ഇപ്പോൾ ഈ വിഭാഗത്തിലുള്ള ആരും തന്നെയില്ല എന്നു മാത്രമേയുള്ളൂ. |
| ഡി) ആദിവാസികളായ തൊഴിലാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പീഡനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) ഇപ്രകാരമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിൽപരമായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ അവയ്ക്ക് പരിഹാരം കാണുന്നുണ്ട്. |

സെക്ഷൻ ഓഫീസർ